33. ശ്രീ. സി. വി. പത്മരാജൻ
34. ,, തച്ചടി പ്രഭാകരൻ
35. ,, കെ. രാഘവൻമാസ്റ്റർ
36. ,, രാഘവൻ പൊഴക്കടവിൽ
37. ,, എസ്. രാമചന്ദ്രൻപിള്ള
38. ,, കെ. പി. രാമൻ
39. ,, രമേശ് ചെന്നിത്തല
40. ,, തോപ്പിൽ രവി
41. ,, എൻ. ശക്തൻനാടാർ
42. ,, പി. സീതിഹാജി
43. ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
44. ,, കടവൂർ ശിവദാസൻ
45. ,, നാലകത്തു സൂപ്പി
46. ,, കെ. കെ. ശ്രീനിവാസൻ
47. ,, എൻ. ശ്രീനിവാസൻ
48. ,, പന്തളം സുധാകരൻ
49. ,, കോട്ടക്കുഴി സുകുമാരൻ
50. ,, സി. എം. സുന്ദരം
51. ,, എൻ. സുന്ദരൻ നാടാർ
52. ,, പി. പി. തങ്കച്ചൻ
53. ,, സി. എഫ്. തോമസ്
54. ,, കെ. കെ. തോമസ്
55. ,, പി. കെ. വേലായുധൻ
56. ,, സ്റ്റീഫൻ പാദുവ

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

അനുകൂലിച്ചവർ—50

പ്രതികൂലിച്ചവർ—56

നിഷ്പക്ഷതപാലിച്ചവർ—ആരുമില്ല

ശ്രീ. കെ. ഇ. ഇസ്മയിൽ അവതരിപ്പിച്ച പ്രമേയം സഭ വോട്ടിനിട്ട് നിരാകരിച്ചതായി പ്രഖ്യാപിക്കപ്പെട്ടു.

(3) നെൽക്കൃഷിയുടെ സംരക്ഷണം

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഞാൻ എന്റെ താഴെ പറയുന്ന പ്രമേയം സഭയുടെ മുൻപാകെ അവതരിപ്പിക്കുകയാണ്.

"കേരളത്തിലെ ഒരു പ്രധാനകൃഷിയും ജനങ്ങളുടെ ഭക്ഷ്യാവശ്യത്തിന്റെ വലിയൊരു ഭാഗം നിർവഹിക്കുന്നതുമായ നെൽക്കൃഷി നശിച്ചു കൊണ്ടിരിക്കുന്നതിൽ ഈ സഭ ഉത്കണ്ഠ രേഖപ്പെടുത്തുന്നതോടൊപ്പം വർഷങ്ങളായി ആദായകരമല്ലാതായിത്തീർന്ന നെൽക്കൃഷിയുടെ നഷ്ടം താങ്ങാനാവാതെ കൃഷിക്കാർ നെൽവയലുകൾ നികത്തി മറ്റു കൃഷികൾക്കും മറ്റു പല ആവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്ന പ്രവണതയ്ക്ക് ഒരു പരിഹാരമുണ്ടാക്കുന്നതിനും നെൽക്കൃഷി ആദായകരമായി നിലനിറുത്തുന്നതിനും ജനാർദ്ദനൻനായർ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഉടനടി അംഗീകരിച്ച് നടപ്പിലാക്കണമെന്ന് ഈ സഭ ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു."

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ സംസ്ഥാനത്ത് 25 ലക്ഷം ഹെക്ടർ കൃഷിഭൂമി ഉള്ളതിൽ 8.81 ലക്ഷം ഹെക്ടറിലും നെൽക്കൃഷി ചെയ്തിരുന്നതാണ്. അര ഏക്കറും ഒരേക്കറും മാത്രം കൃഷിസ്ഥലമുള്ളതോ തൊഴിലാളികളോ ആയിട്ടുള്ള ഏകദേശം 25 ലക്ഷം ഹെക്ടർ കൃഷിക്കാരാണ് ഇന്ന് ഈ മേഖലയിൽ ഉള്ളത്. സംസ്ഥാനത്ത് 20 ലക്ഷം കർഷകത്തൊഴിലാളികളുടെ പ്രധാന തൊഴിൽമേഖലയും ഈ നെൽക്കൃഷിതന്നെയാണ്. ഇതിലുപരി, നമ്മുടെ സംസ്ഥാനത്തുള്ള ഭക്ഷ്യാവശ്യത്തിന്റെ 40 ശതമാനത്തോളം നിർവഹിക്കപ്പെടുന്നത് നെൽക്കൃഷിക്കാരിൽനിന്നാണ്. ഇത്രയും പ്രധാനപ്പെട്ട ഈ നെൽക്കൃഷി കഴിഞ്ഞ 10 വർഷമായി തകർച്ചയിലാണ്. ഇത് ഒരു നഷ്ടക്കച്ചവടമായിത്തീർന്നിരിക്കുകയാണ്. വർഷങ്ങളായി, ഈ കൃഷികൊണ്ട് 20 ലക്ഷം വരുന്ന കൃഷിക്കാർക്ക് അവരുടെ നിത്യവൃത്തി കഴിക്കാൻ സാധിക്കുന്നില്ലെന്നുള്ളത് മാത്രമല്ല, ഓരോ തവണ കൃഷി കഴിയുമ്പോഴും ആ കൃഷിക്കുവേണ്ടി മുടക്കിയ മുതൽപോലും തിരിച്ചുകിട്ടാത്ത അവസ്ഥയാണുള്ളത്. വിളവെടുപ്പുകഴിഞ്ഞാൽ അവർക്ക് കിട്ടുന്ന ഉൽപ്പന്നങ്ങളുടെ വില കൃഷിച്ചെലവുമായി പൊരുത്തപ്പെടുന്നതല്ലാതായിത്തീർന്നു. ഇതിന്റെ ഫലമായി വർഷംതോറും വർദ്ധിച്ചുവരുന്ന കടം കൊണ്ട് ഗത്യന്തരമില്ലാതെ കൃഷിക്കാർ മറ്റു കൃഷികളിലേക്ക് നീങ്ങാൻ നിർബന്ധിതരായിത്തീർന്നു. വയലുകളിൽ മണ്ണിട്ടു നികത്തി തെങ്ങ് വയ്ക്കുന്നതിനും മറ്റുവിളകൾ കൃഷിചെയ്യുന്നതിനും ഇന്ന് കൃഷിനിലങ്ങൾ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനു, നെൽക്കൃഷിക്കാർ നിർബന്ധിതരായിത്തീർന്നിരിക്കുകയാണ്. നമ്മുടെ സ്ഥാനത്ത് 1974-75 ൽ 8,81,500 ഹെക്ടർ സ്ഥലത്ത് നെൽക്കൃഷി നടന്നിരുന്നതെങ്കിൽ, 10 വർഷത്തിനുശേഷം 1984-85-ൽ അത് 7,30,739 ഹെക്ടറായി ചുരുങ്ങി. 1,51,121 ഹെക്ടർ സ്ഥലമാണ് കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ കുറഞ്ഞത്. ഇത് നമ്മുടെ അരി ഉൽപ്പാദനത്തെയും ബാധിച്ചിരിക്കുകയാണ്. 1974-75-ൽ 13,34,000 ടൺ അരി ഉൽപ്പാദിപ്പിച്ചിരുന്ന സ്ഥാനത്ത് 1984-85-ൽ 12,55,390 ടൺ ആയി അരിയുടെ ഉൽപ്പാദനം കുറഞ്ഞു. അതായത് അരിയുടെ ഉൽപ്പാദന പത്തുവർഷത്തിനിടയിൽ 40 ശതമാനം കണ്ടു കുറഞ്ഞു. ഈ ഗതിയാണ് ഇനിയും തുടരുന്നതെങ്കിൽ വളരെ താമസിയാതെ നമ്മുടെ സ്വന്തം സ്ഥാനത്ത് 100 ശതമാനവും ഭക്ഷ്യക്കമ്മിയായി മാറുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അങ്ങേയറ്റം ഭയപ്പെടേണ്ട കാര്യമാണിത്. 1974-75 മുതൽ ആരംഭിച്ച ഈ ഗതിക്രമം മനസ്സിലാക്കിയതുകൊണ്ടാണ് 1981-ൽ അന്നത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നെൽക്കൃഷിക്കാരുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് ഒരു കമ്മീഷനെ നിയമിച്ചത്. ഈ രംഗത്ത് വളരെയേറെ അനുഭവ പാരമ്പര്യമുള്ള റിട്ടയേർഡ് കൃഷി ഡയറക്ടർ ശ്രീ. ജനാർദ്ദനൻ നായരെയാണ് ഏകാംഗ കമ്മീഷനായി നിയമിച്ചത്. സാധാരണഗതിയിൽ ഇത്തരം കമ്മീഷനുകളെയൊക്കെ നിയമിച്ചാൽ വർഷങ്ങൾ കഴിഞ്ഞേ റിപ്പോർട്ടുകൾ ലഭ്യമാകാറുള്ളൂ. പക്ഷേ ആ കമ്മീഷൻ ഗവൺമെന്റ് പറഞ്ഞ കാലത്തിനിടയ്ക്കുതന്നെ ആറുമാസത്തിനുള്ളിൽ വിശദമായ പഠനം നടത്തി, 1981 ഒക്ടോബറിൽ റിപ്പോർട്ട് സമർപ്പിച്ചു.

ഈ ഗവൺമെന്റ് രണ്ടുകൊല്ലമായി ആ റിപ്പോർട്ട് അട്ടത്തു വച്ചിരിക്കുകയായിരുന്നു. അവസാനം 1983 മാർച്ചിൽ ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ച് വീണ്ടും റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനും

LIBRARY ARCHIVES Kerala Legislative Assembly

സഹകരണരജിസ്ട്രാർ, ധനകാര്യസെക്രട്ടറി, കൃഷി ഡയറക്ടർ ഇവരൊക്കെ മെമ്പർമാരുമായിട്ടുള്ള ഒരു ഉന്നതാധികാര കമ്മിറ്റിയെ നിയമിച്ചു. 1983-ൽ നിയമിച്ച ആ കമ്മിറ്റി 1985 മാർച്ചിലാണ് അതിന്റെ റിപ്പോർട്ട് ഗവൺമെന്റിനു സമർപ്പിക്കുന്നത്. പിന്നെയും രണ്ടുവർഷക്കാലം ഗവൺമെന്റ് അനങ്ങാതിരുന്നു. ഇന്നദിവസത്തിനകം ആ റിപ്പോർട്ട് സമർപ്പിക്കണമെന്ന് ആ കമ്മീഷനോട് ആവശ്യപ്പെട്ടിരുന്നില്ല. അങ്ങനെ ആവശ്യപ്പെട്ടിരുന്നുവെങ്കിൽ ഒന്നുരണ്ടുമാസത്തിനകം തരാമായിരുന്ന ആ റിപ്പോർട്ട് രണ്ടുവർഷംവരെ വച്ചുതാമസിപ്പിക്കുകയില്ലായിരുന്നു. അങ്ങനെ 1985 മാർച്ചിൽ ഈ റിപ്പോർട്ട് കിട്ടി. ഇനിയും എന്തു ചെയ്യും ? ഇനിയും അത് നടപ്പിലാക്കണമെന്നുള്ളതിലല്ല താൽപ്പര്യം. 1981-ലെ ജനാർദ്ദനൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ, ശുപാർശകളും അതു പഠിച്ച കാർഷികോൽപ്പാദനകമ്മീഷന്റെ നേതൃത്വത്തിലുള്ള ഉന്നതാധികാര കമ്മിറ്റി പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ടും വീണ്ടും പഠിച്ച് ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും നെൽക്കൃഷിക്ക് ചെയ്യേണ്ട സഹായങ്ങളെ സംബന്ധിച്ച് നിർദ്ദേശം സമർപ്പിക്കുവാൻ കാർഷികോൽപ്പാദന കമ്മീഷണറെത്തന്നെ വീണ്ടും ഒരേകാംഗ കമ്മീഷനായി നിയമിച്ചു എന്നതാണ് ഈ സഭയിൽ കൃഷിവകുപ്പുമന്ത്രി കഴിഞ്ഞ ദിവസം പ്രസ്താവിച്ചത്. അങ്ങനെ ഒന്നും ചെയ്യാതെ കഴിച്ചുകൂട്ടുന്നതിനുള്ള ഈ ഗവൺമെന്റിന്റെ ധിഷണാവിലാസം ആരെയും അൽഭുതപ്പെടുത്തുന്നതാണ്.

സർ, നെൽകൃഷിയെ രക്ഷിക്കാനുള്ള വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് സെക്രട്ടറിയേറ്റിലിട്ട് ഇങ്ങനെ പന്താടിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിലാണ് കഴിഞ്ഞ നാലുവർഷത്തിനിടയിൽ ഒന്നരലക്ഷം ഹെക്ടർ നെൽകൃഷിസ്ഥലങ്ങൾ മറ്റു കൃഷികൾക്കുവേണ്ടി മാറിയത്. അതിൽ 76,000 ഹെക്ടറും ഈ നാലുവർഷത്തിനിടയിൽ മണ്ണിട്ടു നികത്തി മറ്റു കൃഷികൾക്കുവേണ്ടി മാറിയിട്ടുണ്ട്. ഈ കൃഷിക്കാരോടുള്ള ഗവൺമെന്റിന്റെ സമീപനമെന്താണ്? കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട നെൽകൃഷിക്കാരെ സംബന്ധിച്ചിടത്തോളം എന്താണവരുടെ ഇന്നത്തെ സ്ഥിതി ? ഓതാൻപോയിട്ട് ഉള്ളതും പോയി എന്ന അവസ്ഥയിലാണവർ കഴിയുന്നത്. ഇവിടെ മുമ്പുതന്നെ, മുൻകാല ഗവൺമെന്റുകളുടെ കാലത്ത് അനുവദിക്കപ്പെട്ടിരുന്ന പമ്പിംഗ് സബ്സിഡി അതാതുവർഷം കൊടുക്കുന്ന നിലയില്ലാതായിരിക്കുന്നു. വലിയൊരു സംഖ്യ ഇയ്യിനത്തിൽ കുടിശ്ശികയുണ്ട്. തൃശ്ശൂർ ജില്ലയിലെ കോൾകൃഷിക്കാർക്ക് മാത്രമായി 75 ലക്ഷം രൂപ ഇപ്പോഴ പമ്പിംഗ് കുടിശ്ശിക ഉണ്ട്. 1983-84-ൽ രണ്ടാംവിള സബ്സിഡി അനുവദിച്ചു. മൂന്നിൽരണ്ടുഭാഗം കൃഷിക്കാർക്കുമാത്രമേ ആ വർഷം കൊടുക്കുകയുണ്ടായുള്ളൂ. 1984-85-ൽ ഒറ്റക്കൃഷിക്കാരനുപോലും കൊടുത്തിട്ടില്ല. ഈ വർഷവും എന്താണ് സ്ഥിതിയെന്നറിയില്ല. ഏതായാലും ധനകാര്യവകുപ്പുമന്ത്രി രണ്ടുദിവസംമുമ്പ് ഇവിടെ സമർപ്പിച്ച പുതിയ സപ്ലിമെന്ററി ഡിമാൻഡിലെ സപ്ലിമെന്ററുകളിലൊന്നും തന്നെ ഈ പമ്പിംഗ് സബ്സിഡിയുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനാവശ്യമായിട്ടുള്ള തുകയൊന്നും വകകൊള്ളിച്ചുകണ്ടില്ല. അതുതന്നെയാണ് കോൾവികസനപദ്ധതിയുടെ കാര്യത്തിലുമുള്ളത്. 1982-ൽ പൂർത്തിയാക്കേണ്ടിയിരുന്ന ഒൻപതുകോടിരൂപയിൽ ആരംഭിച്ച പദ്ധതിക്ക് 21 കോടിരൂപയാണ് എസ്റ്റിമേറ്റ്. അതിന്റെ മൂന്നിൽ ഒന്ന് ബണ്ടുനിർമ്മാണംപോലും ഇന്നിയും പൂർത്തിയായിട്ടില്ല. 1985-86 ആയിട്ടും പൂർത്തിയായിട്ടില്ല. 21 കോടി രൂപയുടെ എസ്റ്റിമേറ്റിന്റെ സ്ഥാനത്ത് എസ്റ്റിമേറ്റിൽ 82 കോടി രൂപയാക്കിയിട്ടും ആറുവർഷമായിട്ടും

LIBRARY ARCHIVES Kerala Legislative Assembly

ഇതുവരെ നബാർഡ് അത് അംഗീകരിച്ചിട്ടില്ല. അംഗീകാരം വാങ്ങുന്നതിനു വേണ്ടി അവർ ആവശ്യപ്പെട്ട നിബന്ധനകളൊന്നും പാലിക്കുവാൻ ഇതുവരെ ഗവൺമെൻറ് തയ്യാറായിട്ടില്ലെന്നുള്ളതാണ് വസ്തുത. നബാർഡിന്റെ ധനസഹായം കഴിഞ്ഞ ഒരുവർഷമായി നിലച്ചിരിക്കുകയാണ്. ഒരു നയാപൈസപോലും 1985 ഏപ്രിലിനുശേഷം ഈ കോൾ വികസനപദ്ധതിക്കുവേണ്ടി കൊടുത്തിട്ടില്ല. ഇതിനുമുമ്പൊരു സ്തംഭനമുണ്ടായപ്പോൾ മുഖ്യമന്ത്രി കോൺഫറൻസുകൾ വിളിച്ചുകൂട്ടുകയും തടസ്സങ്ങൾ നീങ്ങുകയും, കുറച്ചുപൈസ കിട്ടുകയും ചെയ്തു. വീണ്ടും കഴിഞ്ഞ ഒരുവർഷമായി സ്തംഭനത്തിലാണ്. ഒരു ഹെക്ടറിന് 5,000 രൂപവരെയുള്ള ചെലവിന്റെ അടിസ്ഥാനത്തിലുള്ള ധനസഹായങ്ങൾമാത്രമേ നബാർഡ് നൽകുകയുള്ളുവെന്നാണ് ഇപ്പോൾ മനസ്സിലാകുന്നത്. ഇന്നിപ്പോൾ വർഷങ്ങൾ നീങ്ങുന്തോറും എസ്റ്റിമേറ്റ് റിവൈസ് ചെയ്തു വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. 21 കോടി രൂപയായി. ഒരു ഹെക്ടറിന് 5,000 രൂപയിൽ കവിഞ്ഞുവരുന്ന തുകയ്ക്ക് നബാർഡ്. ബാദ്ധ്യസ്ഥമല്ലെന്നും, അത് സ്റ്റേറ്റ് ഗവൺമെൻറ് വഹിക്കണമെന്നുമാണ് ഇപ്പോൾ എടുത്തിരിക്കുന്നത്. അത് സ്റ്റേറ്റ് ഗവൺമെൻറ് വഹിക്കുമെന്ന ഒരുറപ്പ് കൊടുത്തെങ്കിൽ മാത്രമേ ഇനി തുടർന്ന് കോൾ വികസനപദ്ധതിക്കുവേണ്ടി നബാർഡ് ധനസഹായം നൽകുകയുള്ളുവെന്നുള്ളതാണ് അവരുടെ ഉറച്ച നിലപാട്. ഇതുതന്നെയായിരിക്കും കുട്ടനാട്ടിലെ കൃഷിക്കാരെ സംബന്ധിച്ചും അവർ എടുത്തിട്ടുള്ള നിലപാട്. 5,000 രൂപയിൽ കൂടുതൽ വരുന്ന ബാദ്ധ്യത ഗവൺമെൻറ് ഏറ്റെടുക്കാമെന്നാണ് കുട്ടനാട്ടിലെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെ ഒരുറപ്പ് കൊടുത്തിട്ടുള്ളതായിട്ടാണറിയുന്നത്. തൃശ്ശൂർ കോൾനിലങ്ങളെ സംബന്ധിച്ചിടത്തോളം അങ്ങനെയൊരു ഉറപ്പുകൊടുക്കാൻ ഇനിയും ഗവൺമെൻറ് തയ്യാറായിട്ടില്ല. അതിന് തയ്യാറാകാതിരുന്നാൽ കോൾ വികസന പദ്ധതി ഇനിയും ഈ സ്ഥിതിയിൽ മുന്നോട്ടുനീങ്ങാൻ പോകുന്നില്ല.

സർ, 1982-ൽ നെൽകൃഷിക്കാർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി ഗവൺമെൻറ് വളം സബ്സിഡി പ്രഖ്യാപിച്ചു. അത് ആദ്യപടിയായി തൃശ്ശൂർ-കുട്ടനാട്ടിലെ കായൽ നിലങ്ങൾക്ക് വളം വിലയുടെ 25 ശതമാനം സബ്സിഡി കൊടുക്കുമെന്നും പിന്നീട് തുടർന്ന് മറ്റ് പ്രദേശങ്ങളിലേയ്ക്ക് (പാലക്കാട് തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക്) വ്യാപിപ്പിക്കുമെന്നുമാണ് അന്ന് ധനകാര്യവകുപ്പുമന്ത്രി പറഞ്ഞിരുന്നത്. പക്ഷെ മൂന്നുകൊല്ലമായിട്ടും ഒരു നയാപൈസ കൊടുത്തിട്ടില്ല. 1984-85-ൽ അത് 25 ശതമാനത്തിൽ നിന്നുപോയി ഹെക്ടറിന് 100 രൂപയായി കുറച്ചുകൊടുത്തു. ഒരു വർഷം കൊടുത്തു. യഥാർത്ഥത്തിൽ നെൽകൃഷി ചെയ്യുന്നയാളുകൾക്കറിയാം വളത്തിനുവേണ്ടി ചെലവാകുന്ന തുകയെപ്പറ്റി. ഒരു ഹെക്ടർ നെൽക്കൃഷിക്കാവശ്യമായ വളത്തിനുവേണ്ടി കൃഷിക്കാരന് ചെലവാകുന്ന ആയിരം രൂപയുടെ 25 ശതമാനം ഗവൺമെൻറിന്റെ ആദ്യ ഉത്തരവനുസരിച്ച് കൊടുക്കുകയാണെങ്കിൽ 250 രൂപയുടെ സബ്സിഡി ലഭിക്കേണ്ടതാണ്, ആ സ്ഥാനത്തിപ്പോൾ നൂറുരൂപയായി കുറഞ്ഞു. എന്നാൽ ഇത്തവണ സപ്ലിമെൻററി ഗ്രാൻറ് വന്നപ്പോൾ 60 ലക്ഷം രൂപയുടെ വളം സബ്സിഡി കൊടുക്കേണ്ട സ്ഥാനത്ത് കഴിഞ്ഞ കൊല്ലത്തെ ഏഴുലക്ഷം കൂടിയാകുമ്പോൾ 67 ലക്ഷം രൂപ കൊടുക്കേണ്ട സ്ഥാനത്ത് 35 ലക്ഷം രൂപയാണ് ഇപ്പോൾ നീക്കിവച്ചുകണ്ടത്. ഈ

LIBRARY ARCHIVES Kerala Legislative Assembly

നിലയിലാണ്. കാര്യങ്ങൾ പോകുന്നതെങ്കിൽ ഈ രാജ്യത്തെ നെൽക്കൃഷിക്കാരെ എങ്ങനെ രക്ഷിക്കാൻ കഴിയുമെന്നുള്ളത് വളരെ ഗൗരവപൂർവ്വം ചിന്തിക്കേണ്ട ഒരു കാര്യമാണ്.

ഈ അവസരത്തിൽ എനിക്ക് ബഹുമാനപ്പെട്ട ചെയറിനോട് ഒരു അഭ്യർത്ഥനയുണ്ട്. ജനാർദ്ദനൻ നായർ കമ്മീഷനെ 1981-ലാണ് നിയമിച്ചത്. ഈ നിയമസഭയിൽ അന്നത്തെ കൃഷിവകുപ്പുമന്ത്രി നടത്തിയ ഒരു പ്രഖ്യാപനത്തിന്റെയും ഉറപ്പിന്റെയും അടിസ്ഥാനത്തിലായിരുന്നു അത്. അങ്ങനെ സഭയിൽ പ്രഖ്യാപിച്ച് നിയമിക്കുന്ന ഒരു കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചാൽ ആറുമാസത്തിനകം അത് സഭയിൽ വയ്ക്കണം എന്നാണ് വ്യവസ്ഥ. ചെയർ ശ്രദ്ധിക്കേണ്ട കാര്യമാണിത്. ചെയറിനോടുള്ള അഭ്യർത്ഥനയാണിത്. ആ റിപ്പോർട്ട് 1981 ഒക്ടോബറിൽ ലഭിച്ചതിനുശേഷം നാല് വർഷമായിട്ടും അത് സഭയിൽ വച്ചിട്ടില്ല. അതുകൊണ്ട് ആ റിപ്പോർട്ട് സഭയിൽ വയ്ക്കണമെന്ന് ചെയറിൽ നിന്ന് നിർദ്ദേശിക്കണമെന്നാണ് എനിക്ക് ഈയവസരത്തിൽ അഭ്യർത്ഥിക്കുവാനുള്ളത്. ജനാർദ്ദനൻ നായർ കമ്മീഷൻ നൂറിലധികം നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചോദ്യോത്തരവേളയിൽ പറയുകയുണ്ടായി. ആ നിർദ്ദേശങ്ങളിൽ 75 നിർദ്ദേശങ്ങളും വലിയ സാമ്പത്തിക ബാദ്ധ്യതയൊന്നുമുള്ളതല്ല. മനസ്സുണ്ടെങ്കിൽ ഉടനെ നടപ്പിലാക്കുവാൻ കഴിയും. പ്രധാനമായിട്ടും വളത്തിനും കീടനാശിനികൾക്കും വിത്തിനും മറ്റും അതിന്റെ വിലയുടെ 50 ശതമാനം സബ്സിഡി നൽകണമെന്നാണ്. എങ്കിൽമാത്രമേ കൃഷി ആദായകരമായി നിലനിറുത്തുവാൻ കഴിയുകയുള്ളു എന്നുള്ളതാണ് നിർദ്ദേശങ്ങളിലെ കാതലായിട്ടുള്ള കാര്യം. എല്ലാ കമ്മീഷന്റെ പരിശോധനയും കഴിഞ്ഞ് ഏതാണ്ട് നാലുവർഷം കഴിഞ്ഞു. ഇനിയെങ്കിലും അത് ഉടനടി അംഗീകരിച്ചുനടപ്പിലാക്കണമെന്നുമാത്രമാണ് ഞാൻ എന്റെ പ്രമേയത്തിൽ ആവശ്യപ്പെടുന്നത്. അത് ഈ സഭ അംഗീകരിക്കുമെന്ന് വിശ്വസിക്കുന്നു.

മി. സ്പീക്കർ : ഈ പ്രമേയം ക്യാരി ഓവർ ചെയ്യുകയാണ്. അടുത്ത സമ്മേളനത്തിൽ എടുക്കുന്നതാണ്.

VII. സ്പീക്കറുടെ റൂളിംഗ്

തൊഴിൽ വകുപ്പുമന്ത്രി ശ്രീ. കെ. ശിവദാസനെതിരെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി ചെയർമാനും അംഗങ്ങളും ഉന്നയിച്ച അവകാശ ലംഘന പ്രശ്നത്തെ സംബന്ധിച്ച്

മി. സ്പീക്കർ : ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ശ്രീ. കെ. ശിവദാസൻ സബോർഡിനേറ്റ് ലെജിസ്ലേഷൻകമ്മിറ്റിയുടേയും തദ്വാരാ സഭയുടേയും അവകാശലംഘനം നടത്തിയതായി ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. എം. വി. മാണി, ശ്രീ. സിറിയക് ജോൺ, ശ്രീ. എൻ. സുപ്പി, ശ്രീ. റസാക്ക് കെ. ഹംസ, ശ്രീ. ഇ. ജെ. ലൂക്കോസ്, ശ്രീ. കെ. പി. അരവിന്ദാക്ഷൻ എന്നിവർ നോട്ടീസ് നൽകിയിരുന്നു.

ഏഴാം കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനാറാമതു റിപ്പോർട്ടുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി നടത്തിയ പത്രസമ്മേളനത്തിലെ ചില പരാമർശങ്ങ

LIBRARY ARCHIVES Kerala Legislative Assembly